**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1106** **06-02-2023 - ൽ മറുപടിയ്ക്ക്**

**വാട്ടർ ചാർജ് വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഷാഫി പറമ്പിൽ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വാട്ടർ ചാർജ് ലിറ്ററിന് ഒരു പൈസ വർധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്ത് വാട്ടർ ചാർജ് ലിറ്ററിന് ഒരു പൈസ വർധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.<br><br>നിലവിൽ 1,000 ലിറ്റർ (ഒരു കിലോ ലിറ്റർ) ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിന് 22.85 രൂപ വാട്ടർ അതോറിറ്റിക്ക് ചിലവാകുന്നുണ്ട്. എന്നാൽ ശരാശരി 10.92 രൂപ മാത്രമാണ് ഒരു കിലോ ലിറ്റർ ജലത്തിൽ നിന്നും വരുമാനമായി ലഭിക്കുന്നത്. അതായത് ഒരു കിലോ ലിറ്റർ ജലം വിതരണം ചെയ്യുമ്പോൾ വാട്ടർ അതോറിറ്റിക്ക് 11.93 രൂപ നഷ്ടം വരുന്നുണ്ട്.<br>ജല ശുദ്ധീകരണത്തിനും വിതരണത്തിലും വരുന്ന ചിലവിനേക്കാൾ വളരെ കുറഞ്ഞ നിരക്കിൽ ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നത് വഴി വാട്ടർ അതോറിറ്റിക്ക് ഭീമമായ നഷ്ടമാണ് പ്രതിവർഷം ഉണ്ടാകുന്നത്. വർഷാവർഷം വർധിച്ചു വരുന്ന വൈദ്യുതി ചാർജ്ജ്, കെമിക്കൽസിന്റെ വില വർദ്ധനവ്, അറ്റകുറ്റ പണികളുടെ ചെലവ്, വായ്പ തിരിച്ചടവ്, ശമ്പളം, പെൻഷൻ ചെലവ് എന്നിവക്ക് അനുസൃതമായി വാട്ടർ ചാർജ്ജിൽ വർദ്ധനവ് ഉണ്ടാകുന്നില്ല.<br>വൈദ്യുതി ചാർജ്ജ് ഇനത്തിൽ KSEB ക്കു 1263.64 കോടി രൂപ വാട്ടർ അതോറിറ്റി നൽകാനുണ്ട്. മാത്രമല്ല 2018 മുതൽക്കുള്ള പെൻഷൻ ആനുകൂല്യങ്ങളും, PF ഉൾപ്പെടെയുള്ള മറ്റു ആനുകൂല്യങ്ങളും ജീവനക്കാർക്ക് കൊടുക്കാനുണ്ട്. അറ്റകുറ്റപ്പണികൾ ചെയ്ത വകയിൽ കരാറുകാർക്ക് 137.06 കോടി രൂപ കൊടുത്തു തീർക്കാനുണ്ട്. സ്കീമുകളുടെ പ്രായാധിക്യം കാരണം ഓപ്പറേഷൻ മെയിന്റനൻസ് ചെലവുകളും ഗണ്യമായി വർദ്ധിച്ചു. ജലവിതരണ, മലിനജല മേഖലകളിൽ സമയബന്ധിതമായ നവീകരണം അനിവാര്യമാണ്. ഇതിനു തുക കണ്ടത്തേണ്ടതുണ്ട് .അതിനാൽ വാട്ടർ |

| | | | |
|---|---|---|---|
| | | | **ചാർജ്ജ് വർദ്ധിപ്പിക്കുക വഴി പൊതുജനങ്ങൾക്ക് തുടർച്ചയായി മെച്ചപ്പെട്ട സേവനങ്ങൾ നൽകാൻ സഹായിക്കും ഈ സാഹചര്യത്തിലാണ് വാട്ടർ ചാർജ്ജു വർധിപ്പിക്കണമെന്ന കേരള വാട്ടർ അതോറിറ്റിയുടെ ശുപാർശ അംഗീകരിക്കുവാൻ തീരുമാനിച്ചത്.** |
| (ബി) | പ്രസ്തുത വാട്ടർ ചാർജ് വർദ്ധനവിലൂടെ എത്ര കോടി രൂപ അധിക വരുമാനം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; | (ബി) | **ലിറ്ററിന് ഒരു പൈസ വർധിപ്പിച്ചാൽ 401.61കോടി രൂപ അധിക വാർഷിക വരുമാനം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.** |
| (സി) | വാട്ടർ ചാർജ് കുടിശ്ശിക ഇനത്തിൽ നിലവിൽ പിരിഞ്ഞു കിട്ടാനുള്ള തുക എത്രയാണ്; കുടിശ്ശിക പിരിച്ചെടുക്കുന്നതിന് കാര്യക്ഷമമായ നടപടി സ്വീകരിച്ചുകൊണ്ട് വാട്ടർ ചാർജ് വർദ്ധന ഒഴിവാക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ? | (സി) | **സംസ്ഥാനത്ത് വാട്ടർ ചാർജ് കുടിശ്ശിക ഇനത്തിൽ ലഭിക്കാനുള്ള ആകെത്തുക 1591.80 കോടി രൂപ ആണ്. വാട്ടർ ചാർജ് കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ശക്തമായ പല നടപടികളും വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.കൃത്യമായി ബില്ല് അടക്കാത്ത ഉപഭോക്താക്കൾക്ക് ഡിസ്കണക്ഷൻ നോട്ടീസ് നൽകുകയും അടക്കാത്തപക്ഷം ഡിസ്കണക്ഷൻ നടത്തുകയും ചെയ്യുന്നു. ഉപഭോക്താവ് ആവശ്യപ്പെടുന്ന മുറക്ക് തവണകൾ ആയി കുടിശ്ശിക അടയ്ക്കുന്നതിന് ക്രമീകരണങ്ങൾ ചെയ്തുവരുന്നു.**<br><br>**സർക്കാർ ഓഫീസുകളുടെ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് അതോറിറ്റിയുടെ എല്ലാ ഓഫീസുകളിൽ നിന്നും ബന്ധപ്പെട്ട വകുപ്പുകൾക്ക് കുടിശ്ശിക തുക അടക്കണമെന്ന് കാണിച്ച് കത്ത് മുഖേനയും നേരിട്ടും അറിയിപ്പുകൾ നൽകിയിട്ടുണ്ട്. കൂടാതെ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശിക അടക്കണം എന്ന് കാണിച്ച് ജല വിഭവ വകുപ്പ് സെക്രട്ടറി, വകുപ്പ് സെക്രട്ടറിമാർക്കും കത്തു നൽകിയിട്ടുണ്ട്. സർക്കാർ പ്രഖ്യാപിച്ച ആംനസ്റ്റി പദ്ധതിയിൽ ഉൾപ്പെടുത്തി നിയമാനുസൃതമായ ഇളവുകൾ നൽകി കുടിശ്ശിക തുക പിരിച്ചെടുക്കാനുള്ള തീവ്ര ശ്രമം നടത്തി വരുന്നു. യുദ്ധകാല അടിസ്ഥാനത്തിൽ കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനു വേണ്ടി എല്ലാ ഓഫീസുകളിലും 01/01/2023 മുതൽ 31/03/2023 വരെ വാർ റൂമുകൾ പ്രവർത്തിച്ചു വരുന്നു. ഈ കാലയളവിലും കുടിശ്ശിക തുക അടക്കാത്ത കണക്ഷനുകൾ വിഛേദിക്കും. കുടിശ്ശിക പിരിച്ചെടുത്താൽ ടി തുക നിലവിലെ ബാധ്യതകൾ കൊടുത്തു തീർക്കുവാനേ സാധിക്കുകയുള്ളൂ. വാട്ടർ അതോറിറ്റി വൻ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ ചാർജ് വർദ്ധനവ് ഒഴിവാക്കാൻ നിർവാഹമില്ല എന്ന് കാണുന്നു.** |

സെക്ഷൻ ഓഫീസർ